## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.റ്റി.ഐ

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - 01.01.2018 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.കെ.ആർ.സുനിൽ റാം-നെ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന :
1. ഇടുക്കി വൈൽഡ് ലൈഫ് വാർഡന്റെ 09.06.2020 തീയതിയിലെ ഇ2-2998/2017 നമ്പർ കത്ത്.
2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ നടപടി ഉത്തരവ് നമ്പർ.ബി3-44000/98(2) തീയതി 31.07.1999.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ കോട്ടയത്തിന്റെ സേവന ഉത്തരവ് നം. 85/2005 തീയതി 28.09.2005.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ കോട്ടയത്തിന്റെ ഉത്തരവ് നം. ഇ1- 224/2009 തീയതി 28.03.2009.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ന്റെ ഇ5- 6226/18 തീയതി 03.08.2019 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ5- 6226/2018 തീയതി 20.11.2020**

സൂചന (1) പ്രകാരം ശ്രീ.കെ.ആർ.സുനിൽ റാം, ക്ലാർക്കിനെ 01.01.2018 തീയതി പ്രാബല്യത്തിലുള്ള ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ.കെ.ആർ.സുനിൽ റാം സൂചന (2) പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്കായി 17.08.1999-ൽ കേരള സിവിൽ സപ്ലൈസ് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. ഉടർന്ന് അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേന സൂചന (3) പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്കായി വനം വകുപ്പിൽ 16.11.2005-ൽ ജോലിയിൽ പ്രവേശിച്ചു. ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ സൂചന (4) പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്.

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ 01.01.2018 പ്രാബല്യത്തീയതിയിലുള്ള ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ലായെന്ന് സൂചന (1) കത്തിലെ അപേക്ഷയിൽ ടിയാൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ടി ലിസ്റ്റ് വിശദമായി പരിശോധിച്ചതിൽ ടിയാന്റെ വാദം ശരിയാണെന്ന് കാണുകയും ടിയാന് 01.01.2018 പ്രാബല്യത്തിലുള്ള ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ 16.11.2005 തീയതി കണക്കാക്കി ക്രമ നമ്പർ. (81) ശ്രീ.മുഹമ്മദ്.എ.യുടേയും ക്രമ നമ്പർ. (82) ശ്രീ.ഷാജി.ജി.യുടേയും മദ്ധ്യേ സ്ഥാനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ 01.01.2018 പ്രാബല്യത്തിലുള്ള ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.കെ.എം.സുനിൽ റാം ക്ലാർക്കിന്റെ സ്ഥാനം ക്രമ നമ്പർ (81). ശ്രീ.മുഹമ്മദ്.എ.യുടേയും ക്രമ നമ്പർ (82) ശ്രീ.ഷാജി.ജി.യുടേയും മദ്ധ്യേ (81 A) ആയി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

To

ശ്രീ.കെ.ആർ.സുനിൽ റാം, ക്ലാർക്കിന് (മേലധികാരി മുഖേന).

പകർപ്പ്:

1. വൈൽഡ് ലൈഫ് വാർഡൻ, ഇടുക്കി.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) - വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
3. ഇ3 സെക്ഷന് - ശ്രീ.കെ.ആർ.സുനിൽ റാമിന് 24.05.2017-ൽ 50 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാന് അർഹമായ തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി പ്രൊമോഷൻ നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. സ്റ്റോക്ക് ഫയൽ.